LIBRARY ARCHIVES Kerala Legislative Assembly

ജൽജീവൻ മിഷൻ പദ്ധതിക്ക് ഉപയോഗിക്കുന്നതും കേരള പി.ഡബ്ല്യു.ഡി. പ്രസിദ്ധീകരിക്കാത്തതുമായ ഇനങ്ങളുടെ മാർക്കറ്റ് നിരക്കുകൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി പ്രസിദ്ധീകരിക്കുകയാണുണ്ടായത് എന്നതിനാലും 2021 ഏപ്രിൽ മാസത്തിലെ വിപണിവിലയെ അടിസ്ഥാനമാക്കിയാണ് നിരക്കുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്നതിനാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ട ആവശ്യകത ഉണ്ടാകുന്നില്ല.

മുക്കം നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി

228(5675) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

മുക്കം മുനിസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റി, സമീപ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുത്തി അർബൻ ജൽജീവൻ മിഷനിൽ പദ്ധതി നടപ്പിലാക്കുവാൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

കൊയിലാണ്ടിയിൽ നിർമ്മിച്ച ഓഫീസ്-കം-വാട്ടർടാങ്ക് കെട്ടിടം

229(5676) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭാ പരിധിയിൽ കിഫ്ബി കുടിവെള്ള പദ്ധതിയുടെ ഭാഗമായി സിവിൽസ്റ്റേഷന് സമീപം നിർമ്മിച്ച ഓഫീസ്-കം-വാട്ടർടാങ്ക് കെട്ടിടത്തിൽ ഓഫീസ് സൗകര്യത്തിന് ഉപയോഗിക്കാവുന്ന എത്ര സ്ക്വയർ ഫീറ്റ് സ്ഥലമുണ്ടെന്ന് വിശദമാക്കാമോ?

8500 സ്ക്വയർ ഫീറ്റ്.

(ബി) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ഓഫീസുകളാണ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറുവാൻ പോകുന്നതെന്ന് അറിയിക്കാമോ?

കൊയിലാണ്ടി സബ്ഡിവിഷൻ ഉൾപ്പെടെ രണ്ട് സെക്ഷൻ ഓഫീസുകളും ക്വാളിറ്റി കൺട്രോൾ ഓഫീസുമാണ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്നും പ്രസ്തുത സ്ഥലം ഓഫീസിനായി അനുവദിക്കണമെന്ന അപേക്ഷ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പ്രസ്തുത കെട്ടിടത്തിലേയ്ക്ക് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ഓഫീസുകൾ മാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

ഓഫീസ് പ്രവർത്തിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ്ലൈനുകളുടെ അവസ്ഥ

230(5677) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ്ലൈനുകൾ ഏതൊക്കെയെന്ന് പ്രദേശം, നീളം എന്നിവ സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള എ.സി. പൈപ്പുകളുടെ പ്രദേശം, നീളം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ആസ്ബസ്റ്റോസ് സിമന്റ് കൂടിവെള്ള പൈപ്പ്ലൈനുകൾ പൊട്ടി റോഡ് തകരാറിലാകുന്നതും കൂടിവെള്ള ലഭ്യതയ്ക്ക് തടസ്സമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൈപ്പ്ലൈൻ പൊട്ടി കൂടിവെള്ളം പാഴാകുന്ന സ്ഥിതി അടിയന്തരമായി പരിഹരിക്കുന്നതിന് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എന്തൊക്കെ സംവിധാനങ്ങൾ ആണ് നിലവിലുള്ളത്;

&

(ഡി) ഇത്തരം അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.